പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 7196

11.07.2014-ൽ

മറുപടിയ്ക്ക്

# അരൂർ -ചേർത്തല മണ്ഡലങ്ങളിലെ കയർപിരി സംഘങ്ങൾ

| ചോദ്യം<br>ശ്രീ. എ.എം.ആരിഫ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) അരൂർ–ചേർത്തല മണ്ഡലങ്ങളിൽ പുതുതായി കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കയർ വികസന വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | എ) അരൂർ–ചേർത്തല മണ്ഡലങ്ങളിൽ പുതുതായി കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കയർ വികസന വകുപ്പ് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതായി അറിവില്ല. |
| ബി) ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സംഘങ്ങൾ ഏതെല്ലാം ഓഫീസുകളിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | ബി) കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് 1969 ലെ കേരള സഹകരണ നിയമം അനുസരിച്ചാണ്. |
| സി) ഓരോ സംഘങ്ങൾക്കും പ്രവർത്തന പരിധി, അംഗങ്ങളുടെ എണ്ണം എന്നിവ നിജപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | സി) ഓരോ സംഘത്തിന്റേയും ബൈലോയിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തനപരിധി നിശ്ചയിക്കാവുന്നതാണ്. ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ അതേ ഉദ്ദേശ്യത്തോടുകൂടിയ മറ്റൊരു സഹകരണസംഘം രജിസ്റ്റർ ചെയ്യാൻ പാടില്ല എന്ന രീതിയിൽ പ്രവർത്തന പരിധി സഹകരണ നിയമത്തിലും അതനുസരിച്ച് തയ്യാറാക്കുന്ന ബൈലോയിലും നിഷ്ക്കർഷിച്ചിട്ടുണ്ട്. ഓരോ സംഘങ്ങളുടേയും അംഗങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. എന്നാൽ ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന് വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട കുറഞ്ഞത് 25 പേരെങ്കിലും അപേക്ഷകരായി ഉണ്ടായിരിക്കണം. |

| | |
|---|---|
| ഡി) ഇതുവരെ എത്ര സംഘങ്ങൾ രജിസ്റ്റർ ചെയ്തു; ഏതെല്ലാം? | ഡി)അരൂർ-ചേർത്തല മണ്ഡലങ്ങളിൽ പുതുതായി, താഴെ പറയുന്ന നാല് കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>1. ശാന്തിക്കവല സി.വി.സി.എസ്. ലി.നം.1281 (അരൂർ മണ്ഡലം)<br>2. കളത്തിവീട് സി.വി.സി.എസ്. ലി.നം.1108 (ചേർത്തല മണ്ഡലം)<br>3. മരുത്തൂർവട്ടം കസ്തൂർബ സി.വി.സി.എസ്. ലി.നം.1284 ( ചേർത്തല മണ്ഡലം)<br>4. മായിത്തറ ബാപ്പുജി സി.വി.സി.എസ്. ലി.നം.1281 ( ചേർത്തല മണ്ഡലം) |

സെക്ഷൻ ഓഫീസർ